LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

235 (1269) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നടപടി മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്കുള്ള മണ്ണെണ്ണ വിതരണം തടസ്സമില്ലാതെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്രത്തിൽനിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും 2525 കി.ലി. പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ വിതരണം ചെയ്തുവരുന്നു. ആയതിനാൽ, സംസ്ഥാനത്തിന് ലഭ്യമാകുന്ന വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. എങ്കിലും മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചുവരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടില്ല.

(സി) മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്ന സബ്സിഡി മണ്ണെണ്ണ തുടർന്നും നൽകുവാൻ അനുവദിക്കണമെന്നും നിലവിലെ വിഹിതം തുടരണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര പെട്രോളിയം മന്ത്രിക്കും കത്തയയ്ക്കുകയും ആയത് എം.പി.മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രത്തിൽനിന്നും വെള്ളമണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യഫെഡ്വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ മത്സ്യബന്ധനവകുപ്പിൽ സ്വീകരിച്ചുവരുന്നു.

പാചകവാതക വിതരണത്തിലെ കാലതാമസം

236 (1270) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാചക വാതക വിതരണത്തിൽ പല കമ്പനികളും വരുത്തുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലെ ബി.പി.സി.എൽ.-ന് കീഴിലുള്ള ഗ്യാസ് ഏജൻസികളിൽനിന്നും, മാർച്ച് 15-ന ശേഷം ബുക്കുചെയ്ത ഗാർഹിക ഉണഭോക്താക്കൾക്ക് ഇനിയും ഗ്യാസ് വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി ബി.പി.സി.എൽ. പ്ലാന്റിൽ 2015 ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിൽ ഉണ്ടായ ഡ്രൈവർമാരുടെ സമരം കാരണം മാർച്ച് 15-നശേഷം ബുക്കു ചെയ്ത ഉപഭോക്താക്കൾക്ക് സിലിണ്ടർ വിതരണം പൂർണ്ണ തോതിൽ നടത്താൻ സാധിച്ചിട്ടില്ല എന്നും കൊരട്ടിയിലെ ഏജൻസികളിലെ സിലിണ്ടർ വിതരണം മൂന്നാഴ്ചയ്ക്കുള്ളിൽ സാധാരണ നിലയിൽ ആകുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

അവശ്യ സാധനങ്ങളുടെ വിലക്കയറ്റം

237 (1271) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വിലനിലവാരം അമിതമായി വർദ്ധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന അരി, ഗോതമ്പ് എന്നിവയുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ അരിയുടെയും ഗോതമ്പിന്റെയും കേന്ദ്രവിഹിതം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാമോ ;

(സി) വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധന ങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly